also എന്നുള്ള നിലയിലാക്കിയിട്ട് സംസ്ഥാന ഗവൺമെന്റിന്റെ ഒരു ആട്ടോണോമസ് ഇൻസ്റ്റിറ്റ്യൂഷൻ എന്നുള്ള നിലയിൽ അതിനെ പ്രൊജക്ട് ചെയ്ത് കേന്ദ്ര ഗവൺമെന്റിന്റെ ധന സഹായത്തിനുവേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : 'Central Council of Indian Medicine' നുമായി ചർച്ചചെയ്ത് അവരുടെ പാറ്റേൺ അനുസരിച്ചു വേണം ഈ ഇൻസ്റ്റിറ്റ്യൂഷനുകളുടെ പ്രവർത്തനം നടക്കേണ്ടത്. അതിന് പോസ്റ്റ് ഗ്രാഡ്വേറ്റുകളുടെ സിലബസ്സിൽ തന്നെ കുറേ പോരായ്മകളുണ്ടെന്ന് Central Council of Indian Medicine ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് മാറ്റംവരുത്തി അതിന്റെ കാളിറ്റി വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്ലാനിംഗ് ആൻഡ് മോണിട്ടറിംഗ് സെൽ

* 166. [185] ശ്രീ. ജി. കാർത്തികേയൻ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, ബെന്നി ബഹനാൻ :
,, പന്തളം സുധാകരൻ :
,, കെ. രാഘവൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ള പ്ലാനിംഗ് ആൻഡ് മോണിട്ടറിംഗ് സെല്ലിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

പട്ടികജാതി-പട്ടിക വർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾ സർക്കാർ ഉദ്ദേശിക്കുന്ന രീതിയിൽ തന്നെ കാര്യക്ഷമമായും ത്വരിതഗതിയിലും നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും അതിന് സഹായകമായ നയപരിപാടികളും മാർഗ്ഗനിർദ്ദേശങ്ങളും കാലാകാലങ്ങളിൽ നിർവ്വഹണ ഏജൻസികൾക്കും ഉദ്യോഗസ്ഥൻമാർക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും നൽകുകയും പ്രവർത്തനങ്ങളുടെ പുരോഗതി യഥാസമയം വിലയിരുത്തുകയും ഈ സെല്ലിന്റെ പ്രധാന ചുമതലകളിൽപ്പെടുന്നു. ഇതിനായി ബന്ധപ്പെട്ടവരിൽനിന്നും പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ വരുത്തി, ത്രൈമാസികാവലോകനവും വാർഷിക പ്രത്യവലോകനവും വിലയിരുത്തലും നടത്തുന്നുണ്ട്. പ്രത്യേക കേന്ദ്ര സഹായം വിനിയോഗിച്ച് പട്ടികജാതിക്കാർക്കുവേണ്ടി നടപ്പാക്കുന്ന സാമ്പത്തിക കോർപ്പറേഷൻ പരിപാടികൾ ആസൂത്രണം ചെയ്യുകയും അവയുടെ ശരിയായ നടത്തിപ്പിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. പരിപാടികൾ വേഗത്തിൽ ആവിഷ്ക്കരിച്ച് മുൻകാലങ്ങളിലുണ്ടായിട്ടുള്ള തെറ്റുകുറ്റങ്ങൾ പരിഹരിക്കുന്നതിനുവേണ്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നതും യുക്തമായ നിർദ്ദേശങ്ങൾ നിർവ്വഹണോദ്യോഗസ്ഥൻമാർക്ക് നൽകുന്നതും ഈ സെല്ലിന്റെ ആഭിമുഖ്യത്തിലാണ്.

ശ്രീ. ബെന്നി ബഹനാൻ : ഈ സെല്ലിന്റെ ഘടന എന്താണെന്നും ഇതിലെ അംഗങ്ങൾ ആരൊക്കെയാണെന്നും ഒന്നു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : സെല്ലിൽ ഇപ്പോഴുള്ളത് ഒരു സെക്ഷൻ മാഫീസർ, ഒരു റിസർച്ച് ഓഫീസർ, ഒരു അസിസ്റ്റന്റ് ഓഫീസർ, ഒരു റിസർച്ച് അസിസ്റ്റന്റ്, ഒരു ടൈപ്പിസ്റ്റ്, ഒരു പ്യൂൺ മുതലായവരാണ്. പ്ലാനിംഗ് സെക്രട്ടറിയുടെ നിയന്ത്രണത്തിലാണ് ഈ സെൽ പ്രവർത്തിക്കുന്നത്.

ശ്രീ. ബെന്നിബഹനാൻ : അട്ടപ്പാടി ആദിവാസികൾക്കുവേണ്ടി നടത്തിയ പദ്ധതിയിൽ തട്ടിപ്പുണ്ടായ കാര്യങ്ങൾ കണ്ടുപിടിച്ചത് ഈ ബില്ലിന്റെ പ്രവർത്തന പരിധിയിൽ വരുന്നതാണോ ? അങ്ങനെ കണ്ടുപിടിച്ച തെറ്റുകൾക്കെതിരായി ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഈ സെല്ലിന്റെ പ്രവർത്തനവും അതുപോലെ തന്നെ ഗവൺമെന്റിന്റെ ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെന്റിന്റെയെല്ലാംകൂടി പ്രവർത്തന ഫലമായിട്ടാണ്. അത് ഗവൺമെന്റ് സമഗ്രമായി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : ഈ സംസ്ഥാനത്ത് പട്ടിക വർഗ്ഗക്കാർക്കുവേണ്ടിയുള്ള അയ്യായിരത്തിൽപ്പരം വീടുകൾ പൂർത്തീകരിക്കാൻ സാധിക്കാതെ നോമിനികൾ അതിന് രണ്ടും മൂന്നും ഗഡു പണം വാങ്ങി പൂർത്തിയാകാതെ കിടക്കുകയാണ്. ഇങ്ങനെ ആദിവാസികളുടെ പദ്ധതികൾ വേണ്ടവിധത്തിൽ നടപ്പിലാക്കാതെ ഗവൺമെന്റിനെ വഞ്ചിച്ചിട്ടുള്ളവരുടെ പേരിൽ എന്ത് നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? അക്കാര്യത്തെക്കുറിച്ച് വ്യക്തമാക്കാമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : സമയബന്ധിതമനുസരിച്ച് ആ പരിപാടികൾ നടക്കുന്നില്ലെന്ന് ഗവൺമെന്റിന് ബോദ്ധ്യമായിട്ടുണ്ട്. അതേക്കുറിച്ച് അന്വേഷിച്ച് പട്ടികവർഗ്ഗക്കാരുടെ പദ്ധതികൾ തീർച്ചയായും വേഗതയിൽ നടക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. സി. കെ. തങ്കപ്പൻ : അട്ടപ്പാടിയിലെ പാവപ്പെട്ട ഗിരിജന ആദിവാസികൾക്കുവേണ്ടി അനുവദിച്ച 13 കോടിയിൽപ്പരം രൂപയുടെ പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളത്. ഈയടുത്ത കാലത്ത് പത്രങ്ങളിൽ ചില വാർത്തകൾ കാണാനിടയായി. അവിടെ അന്വേഷണം നടത്തിയപ്പോൾ കോടിക്കണക്കിന് രൂപയുടെ തട്ടിപ്പു നടന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇവിടെ ശ്രീമാൻ കെ. രാഘവൻ മാസ്റ്റർ പറഞ്ഞതുപോലെ സർക്കാരിനെ അല്ല, ആദിവാസികളെയാണ് പറഞ്ഞിച്ചിരിക്കുന്നത്. അതിനെതിരെ ഇതുവരെ എന്ത് നടപടിയെടുത്തിട്ടുണ്ട് ; അതിന്റെ വിശദവിവരമൊന്ന് പറയാൻ അങ്ങേയ്ക്ക് യേവുണ്ടാകുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : പത്രങ്ങളിൽ വന്നിട്ടുള്ള റിപ്പോർട്ടുകളും അതല്ലാതെയും പല പരാതികളും ഗവൺമെന്റിന്റെ കൈവശം കിട്ടിയിട്ടുണ്ട്. അതേക്കുറിച്ച് സമഗ്രമായ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ട പട്ടികവർഗ്ഗക്കാരുടെ പദ്ധതിയിൽ ചൂഷണം നടന്നിട്ടുണ്ടെങ്കിൽ അതിനെതിരെ വളരെ ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : പട്ടികവർഗ്ഗക്കാരുടെ പുരോഗതിക്കുവേണ്ടി ആരംഭിച്ചിട്ടുള്ള പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായ വയനാടിലെ സുഗന്ധഗിരിയിൽ വമ്പിച്ച അഴിമതി നടന്നുവെന്നുള്ളതിന്റെ അടസ്ഥാനത്തിൽ ഇതേ സംബന്ധിച്ച് അന്വേഷണം നടത്താൻ ഒരു കമ്മീഷനെ നിയമിക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : ഗവൺമെന്റ് ഇപ്പോഴും അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. അന്വേഷണ റിപ്പോർട്ട് കിട്ടി കൂടുതൽ അന്വേഷണം വേണമെങ്കിൽ അക്കാര്യം അതിനെക്കുറിച്ച് പരിഗണിക്കാം.

ശ്രീ. വി. സി. കബീർ : അട്ടപ്പാടിയിൽ നടന്ന ആദിവാസികൾക്കെതിരെയുള്ള ചൂഷണത്തിനെതിരെ നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. സമീപകാലത്താണ്. അതിന്റെ അന്വേഷണം ആരംഭിച്ചത്. അതുതന്നെ തേച്ചുമാച്ചുകളയുന്നതിനുള്ള നിഗൂഢശ്രമം ഭരണകക്ഷിക്കാർ ആരംഭിച്ചതായും ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നു. അതുകൊണ്ട് സത്യസന്ധമായി ആ കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കുമെന്ന് ഗവൺമെന്റ് ഉറപ്പു നൽകുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഈ ഗവൺമെന്റ് ആദിവാസികളുടെ കാര്യത്തിൽ അവർക്കെതിരായി വരുന്ന യാതൊന്നും ചെയ്തിട്ടില്ല. അവരെ സഹായിക്കുന്ന സമീപനമാണ് കഴിഞ്ഞ നാലഞ്ചു വർഷക്കാലമായി ഈ ഗവൺമെന്റ്. സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. വി. ജെ. തങ്കപ്പൻ : പട്ടികജാതി പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ നടത്തേണ്ട വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയെല്ലാം വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകിയാൽപോലും സമയത്തിന് ചെയ്തു തീർക്കാത്ത സംഭവങ്ങൾ അനവധി ഉണ്ട്. അതുകൊണ്ട് വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നടക്കുന്ന ഹരിജന ഗിരിജനക്ഷേമ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്ത് നടത്താൻ ഒരു സംവിധാനമുണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കുംവേണ്ടി നൽകുന്ന പദ്ധതികളെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രോഗ്രസ് എങ്ങനെയുണ്ടെന്ന് എല്ലാ മാസവും വിലയിരുത്തിയിട്ട് പോരായ്മകളുണ്ടെങ്കിൽ പരിഹരിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. അക്കാര്യത്തിൽ തീർച്ചയായും ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിഗണിക്കുന്നതാണ്.

മൽസ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ നടപടി

* 167. [186] ശ്രീ. എ. സി. ജോസ് :
,, എം. എം. ഹസ്സൻ :
,, സ്റ്റീഫൻ പാടുവ :
,, മണിമംഗലത്തു കുട്ട്യാലി :
,, എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൽസ്യത്തൊഴിലാളികളുടെ എണ്ണം എത്ര ; അത് മൊത്തം ജനസംഖ്യയുടെ എത്ര ശതമാനമാണ് ;

(ബി) മൽസ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിൽ ഈ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള പരിപാടികൾ എന്തെല്ലാം ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) സംസ്ഥാനത്ത് ഉദ്ദേശം 1,80,000 മൽസ്യത്തൊഴിലാളികളുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. മൽസ്യത്തൊഴിലാളി കുടുംബങ്ങളുടെ എണ്ണം ഏകദേശം 8.5 ലക്ഷം വരുമെന്നാണ് കണക്ക്. ഇത് സംസ്ഥാന ജനസംഖ്യയുടെ ഏതാണ്ട് 3 ശതമാനം വരും.

LIBRARY ARCHIVES Kerala Legislative Assembly